ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

*ഭരണഭാഷ - മാതൃഭാഷ*

നം: എ3/10718/2018/സിഇ/തസ്വഭവ.

തീയതി: 22.08.2018

## സർക്കുലർ

വിഷയം:- തസ്വഭവ- കാലവർഷക്കെടുതികൾ നേരിടുന്നത് - സംബന്ധിച്ച്

സൂചന:- 1) ഈ കാര്യാലയത്തിൽ നിന്നുള്ള 15.08.2018, 16.08.2018 എന്നീ തീയതികളിലെ ഡിബി2/16412/17/സിഇ/തസ്വഭവ നം. സർക്കുലറുകൾ
2) ഈ ഓഫീസിൽ നിന്നുള്ള 21.08.2018 ലെ എ3/10718/സിഇ/തസ്വഭവ (1),(2), (3) നം. കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ സൂചന (2) പ്രകാരം ഈ ഓഫീസിൽ നിന്നും പ്രളയബാധിത പ്രദേശങ്ങളിൽ ഉൾപ്പെട്ട പഞ്ചായത്തുകളുടെ ലിസ്റ്റ് സർക്കാരിലേക്ക് നൽകിയിരുന്നു. ആയതിൽ ചില പഞ്ചായത്തുകൾ വിട്ടുപോയതായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അറിയിച്ചിരിക്കുന്നു. എഞ്ചിനീയറിംഗ് കോളേജ് കുട്ടികളെ ഉൾപ്പെടുത്തി പ്രളയബാധിത സ്ഥലങ്ങളിൽ അത്യാവശ്യ ഇലക്ട്രിക്കൽ, പ്ലംബിംഗ്, സർവ്വെ പ്രവൃത്തികൾ നടത്തുന്നതിന് ഡയറക്ടർ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് നടപടി എടുത്തു വരുന്നുണ്ട്. ആയതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അടിയന്തരമായ വിട്ടുപോയ പഞ്ചായത്തുകളുടെ പേരു വിവരങ്ങൾ, ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പേരും ഫോൺ നമ്പരും ഉൾപ്പെടെ ഡയറക്ടർ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിനെ അറിയിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ആയത് ഈ ഓഫീസിൽ കൂടി അറിയിക്കേണ്ടതാണ്. (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ - 9496380212, NSS State coordinator – 7012163334) email.id: dtekerala@gmail.com

പ്രളയക്കെടുതികൾ മൂലം കേടുപാടുകൾ സംഭവിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മേൽ സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നതാണ്. എഞ്ചിനീയറിംഗ് വിഭാഗത്തിലെ സാങ്കേതിക വിഷയം കൈകാര്യം ചെയ്യുന്ന മിനിസ്റ്റീരിയൽ ജീവനക്കാരെ കൂടി അടിയന്തര അറ്റകുറ്റ പണികളുടെ മേൽനോട്ടത്തിന് ഉൾപ്പെടുത്തേണ്ടതാണ്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാങ്കേതികവിഭാഗം ജീവനക്കാരുടെ എണ്ണം കുറവായതിനാൽ മിനിസ്റ്റീരിയൽ ജീവനക്കാരെ കൂടി ഇക്കാര്യങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഓഫീസ് മേധാവികൾ നൽകേണ്ടതാണ്.

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് പരിശോധനയ്ക്കും വിവിധ നിർമ്മാണങ്ങൾക്കും നേതൃത്വം നൽകുന്ന എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ നിർബന്ധമായും ഐ.ഡി കാർഡ് ധരിക്കേണ്ടതാണ്.

ചീഫ് എൻജിനീയർ